LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ളത്; അതിൽ ഒരു കടുവ അടുത്തകാലത്ത് കൂട് പൊളിച്ച് പുറത്തിറങ്ങിയത് വലിയ പരിഭ്രാന്തിയാണ് പരത്തിയത്. 11 ഏക്കർ സ്ഥലമുള്ള ഒരു ദ്വീപായതിനാൽ സിംഹത്തെ കൊണ്ടുവരാനുള്ള പരിശ്രമം നടത്തണം. തുച്ഛമായ ദിവസവേതനത്തിൽ ജീവിക്കുന്ന കുറേയധികം തൊഴിലാളികളുടെ ഉപജീവനവും വഴിമുട്ടി നിൽക്കുകയാണ്. വലിയ വരുമാനമുണ്ടാക്കുന്ന ഒരു പ്രദേശമാണിത്. ഇപ്പോൾ സഞ്ചാരികൾ സഫാരി പാർക്കിൽ വന്നാൽ അവർക്ക് ഒരു സിംഹത്തെയും കാണാൻ കഴിയുന്നില്ല. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പാർക്കുകൾ നടത്തുന്നത് സംബന്ധിച്ച പ്രശ്നമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. നെയ്യാർ ലയൺ സഫാരി പാർക്കിൽ ഇപ്പോൾ സിംഹങ്ങളൊന്നുമില്ല. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ പല ഘട്ടങ്ങളിലായാണ് സിംഹങ്ങൾ മരണപ്പെട്ടത്. ഒരു കടുവയും ഇതിനകം മരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ആ പാർക്ക് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. എന്നാൽ കേന്ദ്ര മൃഗശാല അതോറിറ്റി (Central Zoo Authority) സഫാരി പാർക്കായി നിഷ്കർഷിക്കുന്ന സ്ഥല വിസ്തൃതി ഈ സഫാരി പാർക്കിൽ ലഭ്യമല്ല. വിസ്തൃതി ഇളവ് വരുത്തുന്നതിനുള്ള അപേക്ഷയിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയിൽനിന്നും അനുകൂല തീരുമാനം ലഭിക്കുന്നമുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കാവുന്നതാണ്. മൃഗങ്ങളെല്ലാം ഇല്ലാതായതോടുകൂടി അവിടെ ജോലി നോക്കിയിരുന്ന തൊഴിലാളികളിൽ നാലുപേരെ മാൻ പാർക്കിലേയ്ക്കും മറ്റുള്ളവരെ മുതല പാർക്കിലേയ്ക്കും പുനർവിന്യസിച്ചിട്ടുണ്ട്. മുറപടിയുടെ ബാക്കി ഭാഗങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

(10) വികസന പ്രവർത്തനങ്ങൾ

ശ്രീ. സണ്ണി ജോസഫ്: സർ, ആറളം ആദിവാസി പുനരധിവാസ മേഖല എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. മൂവായിരത്തോളം കുടുംബങ്ങൾക്ക് അവിടെ ഭൂമി നൽകി. എന്നാൽ വീടുകളുടെ നിർമ്മാണം, ഗതാഗത സൗകര്യം, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാതെ ബാക്കി നിൽക്കുകയാണ്. 154 കോളനികൾ മറ്റ് പഞ്ചായത്തുകളിലായിട്ടുണ്ട്. കോളനികളുടെയെല്ലാം അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ടത് ഭവനവും കുടിവെള്ളവുമാണ്. കോളനികളിൽ കോവിഡ് പരിശോധന നടത്തിയപ്പോൾ ടി.പി.ആർ. കൂടുതലാണ്. അവർ നേരിട്ട് പരിശോധനയ്ക്ക് പോകില്ല, വാക്സിനേഷനും അവർ നേരിട്ട് അപേക്ഷിക്കണമെന്നില്ല. അതുകൊണ്ട് ഇന്നത്തെ അടിയന്തരഘട്ടത്തിൽ

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ കോളനികളിൽ പോയി ടെസ്റ്റ് നടത്താനും ആവശ്യമായ വാക്സിനേഷൻ കൊടുക്കാനുമുള്ള സംവിധാനമുണ്ടാക്കണം. ആയിരക്കണക്കിന് കുടുംബങ്ങളും ആദിവാസികളുമുള്ള മേഖല എന്നുള്ള നിലയിൽ കുടിവെള്ളം, ഭവന നിർമ്മാണം, വഴി എന്നിവയുൾപ്പെടെ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക പരിഗണന നൽകി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പേരാവൂർ നിയോജക മണ്ഡലത്തിലെ ഇരിട്ടി, പേരാവൂർ എന്നീ ടൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ കീഴിലായി 8 ഗ്രാമപഞ്ചായത്തുകളും ഇരിട്ടി നഗരസഭയുമാണ് ഉൾപ്പെടുന്നത്. ആകെ 158 കോളനികളിലായി 3167 കുടുംബങ്ങളാണുള്ളത്. ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏകദേശം 1512 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ സെറ്റ്മെന്റ് കോളനി വികസന പദ്ധതിയിലുൾപ്പെടുത്തി അയ്യൻകുന്ന്, പായം, കൊട്ടിയൂർ, കണിച്ചാർ, മുഴക്കുന്ന് എന്നീ പഞ്ചായത്തുകളിലെ കോളനികളിൽ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ആറളം പഞ്ചായത്തിൽ വിയറ്റ്നാം-കമ്പോഡിയ റോഡിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചു. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആറളം വെളിമാനത്ത് 60 പെൺകുട്ടികൾക്കും ഇരിട്ടിയിൽ 40 പെൺകുട്ടികൾക്കും താമസിച്ച് പഠിക്കാനായി രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ആറളം ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ലുൾപ്പെടുത്തി 42 കോടി രൂപയോളം വിനിയോഗിച്ച് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലാണ്. വനമേഖലയുമായി അതിർത്തി പങ്കിടുന്ന 10.5 കി.മീ. ദൂരത്തിൽ കോൺക്രീറ്റ് മതിലും 3 കിലോമീറ്റർ ദൂരം വരുന്ന ചീങ്കണ്ണി പുഴയോരത്ത് റെയിൽ ഫെൻസിംഗും സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, അതിന്റെ ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫാം റിവൈവൽ പാക്കേജ് പ്രകാരം പുനരുദ്ധാരണ പ്രവൃത്തികളും ആറളം ഫാമിൽ നടന്നുവരുന്നുണ്ട്. ഇത്തരത്തിൽ ആറളം ആദിവാസി മേഖലയിൽ മറ്റു പട്ടികവർഗ്ഗ കോളനികളുടെയും വികസനത്തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും സർക്കാർ ചെയ്യുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേകം മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ ആദിവാസി മേഖലയിൽ പോയി വാക്സിനേഷൻ നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.